**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5284** **21-03-2025 - ൽ മറുപടിയ്ക്ക്**

**സർവകലാശാലകളുടെ പ്ലാൻ ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ ബഹു.ധനകാര്യവകുപ്പ് മന്ത്രി പറഞ്ഞ പുതിയ പ്രോജക്ട് മോഡിലെ ഹ്രസ്വകാല കോഴ്സുകളുടെയും പി.ജി. കോഴ്സുകളുടെയും ഫാക്കൽറ്റികൾക്ക് ശമ്പളം നൽകുന്നതിനായി വിവിധ സർവകലാശാലകൾക്ക് 2022-23 സാമ്പത്തിക വർഷം അനുവദിച്ച പ്ലാൻ ഫണ്ട് എത്രയെന്ന് വ്യക്തമാക്കുമോ; | (എ) | വിവിധ സർവ്വകലാശാലകൾ പ്രോജക്ട് മോഡിലെ കോഴ്സുകളുടെ അക്കാദമിക ഭരണപരമായ ചെലവുകൾക്കായി സർവ്വകലാശാലകളുടെ പ്ലാൻ ഫണ്ടിൽ നിന്നാണ് തുക വിനിയോഗിക്കുന്നത്. പ്രോജക്ട് മോഡ് കോഴ്സുകൾക്ക് മാത്രമായി പ്രത്യേക ഫണ്ടുകൾ അനുവദിച്ചിട്ടില്ല. |
| (ബി) | പ്രോജക്ട് മോഡ് കോഴ്സുകളുടെ അധ്യാപക ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനായി കണ്ണൂർ സർവകലാശാലയ്ക്ക് നാളിതുവരെ അനുവദിച്ച പ്ലാൻ ഫണ്ട് എത്രയെന്ന് വ്യക്തമാക്കുമോ; | (ബി) | 2023-24 ൽ ആകെ അനുവദിച്ച പ്ലാൻ ഫണ്ടിൽ നിന്ന് 2,78,748/- രൂപ ചെലവായിട്ടുണ്ട്. |
| (സി) | കണ്ണൂർ സർവകലാശാലയിലെ പ്രോജക്ട് മോഡ് കോഴ്സുകളുടെ ഫാക്കൽറ്റികൾ അവരുടെ സേവനം മുഴുവൻ നൽകിയിട്ടും അവർക്ക് ശമ്പളം നൽകാത്തതിന്റെയും അവരുടെ സേവന കരാർ പുതുക്കാത്തതിന്റെയും കാരണം അറിയിക്കുമോ; നിലവിൽ 3 മാസത്തിൽ കൂടുതൽ ജീവനക്കാർക്കുള്ള ശമ്പളം വിതരണം ചെയ്തിട്ടില്ലയെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കണ്ണൂർ സർവകലാശാലയിലെ നിലവിലെ ശമ്പള വിതരണ സ്ഥിതി സംബന്ധിച്ച് വിശദമാക്കാമോ; | (സി) | പ്രൊജക്റ്റ് മോഡ് പ്രോഗ്രാമിൽ നിലവിൽ മൊത്തം 2 കരാർ അധ്യാപകർ ആണ് ഉള്ളത്. എം.എസ്.സി ബയോ സ്റ്റാറ്റിസ്റ്റിക്സിലെ കരാർ അധ്യാപികയുടെ ഒന്നാം വർഷ കരാർ കാലാവധി അവസാനിച്ചതിനാൽ രണ്ടാം വർഷ കരാർ പുതുക്കി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ജോഗ്രഫി പഠനവകുപ്പിൽ നിയമിക്കപ്പെട്ട അധ്യാപികയുടെ നിയമനവുമായി ബന്ധപ്പെട്ട് കേരള ഹൈകോടതിയിൽ നിലവിൽ കേസ് നടന്നുവരുന്നതിനാൽ (WP(C)No. 43934 of 2023) കരാർ പുതുക്കി നൽകിയിട്ടില്ല. എം.എസ്.സി ബയോ സ്റ്റാറ്റിസ്റ്റിക്സിലെ കരാർ അധ്യാപികയ്ക്ക് 2024 സെപ്റ്റംബർ വരെയുള്ള മുഴുവൻ വേതനവും നൽകിയിട്ടുണ്ട്. ജോഗ്രഫി പഠനവകുപ്പിലെ കരാർ അധ്യാപികയുടെ 2024 ഡിസംബർ മാസം വരെയുള്ള വേതനം നൽകിയിട്ടുണ്ട്. എം.എസ്.സി ബയോ സ്റ്റാറ്റിസ്റ്റിക്സിലെ ദിവസ വേതന അധ്യാപകരുടെ 2025 ജനുവരി മാസം വരെയുള്ള ദിവസവേതനവും ജോഗ്രഫി പഠനവകുപ്പിലെ പ്രൊജക്റ്റ് മോഡ് പ്രോഗ്രാം ആയ PG Dilpoma in |

| | | | |
|---|---|---|---|
| | | | Geoinformatics for spatial planning ലെ ദിവസ വേതന അധ്യാപകരുടെ 2024 ഡിസംബർ വരെയുള്ള ശമ്പളം നൽകിയിട്ടുണ്ട്. |
| (ഡി) | കണ്ണൂർ സർവകലാശാലയിൽ പ്രോജക്ട് മോഡ് കോഴ്സുകളുടെ രണ്ടാം ബാച്ചിൽ എത്ര വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിച്ചു; ഫാക്കൽറ്റി ജീവനക്കാർക്ക് ശമ്പളം നൽകാത്തത് പ്രവേശനം ലഭിച്ച വിദ്യാർത്ഥികളുടെ പഠനത്തെ ബാധിക്കില്ലേ എന്നറിയിക്കുമോ; വിശദമാക്കാമോ; | (ഡി) | സ്റ്റാറ്റിസ്റ്റിക്കൽ സയൻസസ് പഠനവകുപ്പിലെ പ്രൊജക്റ്റ് മോഡ് പ്രോഗ്രാം ആയ എം.എസ്.സി ബയോ സ്റ്റാറ്റിസ്റ്റിക്സിൽ സെക്കൻഡ് ബാച്ചിൽ ആകെ 10 പേരും ജോഗ്രഫി പഠനവകുപ്പിലെ പ്രൊജക്റ്റ് മോഡ് പ്രോഗ്രാം ആയ " PG Dipoma in Geoinformatics for spatial planning" പ്രോഗ്രാമിലെ സെക്കൻഡ് ബാച്ചിൽ 9 പേരും, IT പഠനവകുപ്പിലെ പ്രൊജക്റ്റ് മോഡ് പ്രോഗ്രാം ആയ PG Dilpoma in Cyber security" പ്രോഗ്രാമിലെ സെക്കൻഡ് ബാച്ചിൽ 11 പേരും നിലവിൽ ഉണ്ട്. കരാർ അധ്യാപകർക്ക് അറ്റെൻഡൻസ് സ്റ്റേറ്റ്മെൻറ് എന്നിവയുടെ അടിസ്ഥാനത്തിലും, ദിവസ/മണിക്കൂർ വേതനക്കാർക്ക് ബില്ല്, വൗച്ചർ, ഷീറ്റ് റോൾ എന്നിവ ആവശ്യമായ പരിശോധന നടത്തി ഉത്തരവിന്റെ അടിസ്ഥാനത്തിലുമാണ് ശമ്പളം നൽകിവരുന്നത്. |
| (ഇ) | കണ്ണൂർ സർവകലാശാലയിൽ പ്രോജക്ട് മോഡ് കോഴ്സുകൾ നടത്തുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യ വികസനത്തിന് സർക്കാർ മതിയായ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വകുപ്പിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത സംബന്ധിച്ച് വിദ്യാർത്ഥികൾ നിലവിൽ പരാതിപ്പെടുന്ന സാഹചര്യത്തിൽ ആശങ്കകൾ പരിഹരിക്കുന്നതിനും ശരിയായ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ഇ) | പ്രൊജക്റ്റ് മോഡ് കോഴ്സുകൾ നടത്തുന്നതിന് സർവകലാശാലയുടെ പ്ലാൻ ഫണ്ടിൽ നിന്ന് തുക വിനിയോഗിക്കാവുന്നതാണ്. കണ്ണൂർ സർവകലാശാല പയ്യന്നൂർ ക്യാമ്പസ്സിലെ ജോഗ്രഫി പഠനവകുപ്പിൽ GIS ലാബ് സ്ഥാപിച്ചിട്ടുണ്ട്. |
| (എഫ്) | പ്രോജക്ട് മോഡ് കോഴ്സുകൾ നടത്തുന്നതിന് ആവശ്യമായ പ്ലാൻ ഫണ്ട് അനുവദിക്കാൻ കഴിയാത്തതിനാൽ പ്രോജക്ട് മോഡ് കോഴ്സുകളിലേക്ക് നിയമിക്കപ്പെടുന്ന അധ്യാപക ജീവനക്കാരുടെ വാർഷിക കരാർ പുതുക്കരുതെന്ന് സർവകലാശാലകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എഫ്) | ഇല്ല. |
| (ജി) | കണ്ണൂർ സർവകലാശാലയിലെ ഏതൊക്കെ വകുപ്പുകളാണ് പ്രോജക്ട് മോഡ് കോഴ്സുകൾ നടത്തുന്നതെന്നും പ്രസ്തുത കോഴ്സുകളിലേക്ക് എത്ര ഫാക്കൽറ്റികളെ നിയമിച്ചിട്ടുണ്ടെന്നും അറിയിക്കുമോ; കണ്ണൂർ സർവകലാശാലയിലെ പ്രോജക്ട് മോഡ് കോഴ്സുകളിലേക്ക് നിയമിക്കപ്പെടുന്ന അധ്യാപകർക്ക് അവരുടെ | (ജി) | കണ്ണൂർ സർവകലാശാലയിൽ നിലവിൽ എം.എസ്.സി ബയോ സ്റ്റാറ്റിസ്റ്റിക്സ്, PG Dilpoma in Geoinformatics for spatial planning, PG Dilpoma in Cyber security എന്നീ പ്രോജക്ട് മോഡ് പ്രോഗ്രാമുകൾ ആണ് നടന്നുവരുന്നത്. എം.എസ്.സി. ബയോ സ്റ്റാറ്റിസ്റ്റിക്സ്, PG Dilpoma in Geoinformatics for spatial |

ശമ്പളത്തിൽ നിന്ന് കിഴിവുകൾ വരുത്തിയതിന് ടിഡിഎസ് സർട്ടിഫിക്കറ്റുകൾ നൽകുന്നുണ്ടോ; 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ ബഹു. ധനകാര്യവകുപ്പ് മന്ത്രി പ്രഖ്യാപിച്ച പുതിയ ഹ്രസ്വകാല കോഴ്സുകളും പി.ജി.കോഴ്സുകളും പ്രോജക്ട് മോഡിൽ നടത്തുന്ന മറ്റ് സർവകലാശാലകളിലെ അധ്യാപക ജീവനക്കാരുടെ ശമ്പളത്തിന്റെയും കരാർ പുതുക്കലിന്റെയും സ്ഥിയെന്തെന്ന് വ്യക്തമാക്കാമോ?

planning എന്നിവയിൽ 2 കരാർ അധ്യാപകരെയും, 4 ദിവസ വേതന അധ്യാപകരെയും ആണ് നിയമിച്ചിട്ടുള്ളത്. IT പഠനവകുപ്പിലെ പ്രൊജക്റ്റ് മോഡ് പ്രോഗ്രാം ആയ PG Dilpoma in Cyber security എന്ന പ്രോഗ്രാമിൽ സർവകലാശാല അധ്യാപകരെ ആരെയും നിയമിച്ചിട്ടില്ല. കണ്ണൂർ സർവകലാശാലയിൽ പ്രൊജക്റ്റ് മോഡ് കോഴ്സുകളിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന അധ്യാപകർക്ക് 2024-25 സാമ്പത്തിക വർഷത്തിൽ അവരുടെ ശമ്പളത്തിൽ നിന്നും കിഴിവുകൾ വരുത്തിയതിന് TDS സർട്ടിഫിക്കറ്റ് യഥാസമയം നൽകുന്നതാണ്.

കേരള സർവകലാശാലയിൽ ആരംഭിച്ച പ്രോജക്ട് മോഡ് കോഴ്സുകൾക്ക് അധ്യാപകരെ കരാർ അടിസ്ഥാനത്തിൽ പ്രതിമാസ വേതനത്തിൽ നിയമിച്ചിട്ടുണ്ട്. പ്ലാൻ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് അവർക്ക് ശമ്പളം നൽകി വരുന്നു. ഒരു വർഷത്തെ കരാർ കാലാവധി അവസാനിച്ച മുറയ്ക്ക് അടുത്ത ഒരു വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ പുനർ നിയമനം നൽകിയിട്ടുണ്ട്.

മഹാത്മാഗാന്ധി സർവകലാശാലയിൽ 2023-24 അധ്യയനവർഷത്തിൽ നിയോഗിച്ച അസിസ്റ്റന്റ് പ്രൊഫസർ ഓൺ കോൺട്രാക്ട് (പ്രൊജക്റ്റ് മോഡ്) അധ്യാപകരുടെ കരാർ കാലയളവ് പ്രവർത്തി മികവിന്റെ അടിസ്ഥാനത്തിൽ 2024-2025 അധ്യയന വർഷത്തേക്ക് ദീർഘിപ്പിച്ചു നൽകുകയുണ്ടായി. 2025-2026 അധ്യയന വർഷത്തേക്ക് കരാർ പുതുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. ടി അധ്യാപകർക്ക് സർവ്വകലാശാല ഫണ്ടിൽ നിന്നും പ്രതിമാസം 43,750/- രൂപ നൽകിവരുന്നു.

കാലിക്കറ്റ് സർവകലാശാലയിൽ 2024 ഒക്ടോബർ മാസം മുതലാണ് പ്രോജക്ട് മോഡ് കോഴ്സുകളുടെ ഫാക്കൽറ്റികളെ നിയമിച്ചിട്ടുള്ളത്. പ്രോജക്ട് മോഡ് കോഴ്സുകളുടെ ഫാക്കൽറ്റികൾക്ക് 2025 ജനുവരി വരെയുള്ള ശമ്പളം നൽകാൻ ഉത്തരവായിട്ടുണ്ട്. ടി അധ്യാപകരുടെ കരാർ കാലാവധി കഴിയാത്തതിനാൽ പുതുക്കുന്ന കാര്യത്തിൽ തീരുമാനം കൈക്കൊണ്ടിട്ടില്ല.

കുസാറ്റിൽ മറൈൻ ബയോളജി മൈക്രോ ബയോളജി, ബയോ കെമിസ്ട്രി വകുപ്പിന്റെ കീഴിൽ എം.എസ്.സി മറൈൻ ജീനോമിക്സ് എന്ന പ്രോഗ്രാമാണ് പ്രോജക്ട് മോഡിൽ സർവ്വകലാശാലയിൽ 2024-2025 അദ്ധ്യയന

| | | | |
|---|---|---|---|
| | | | വർഷം മുതൽ ആരംഭിച്ചിട്ടുള്ളത്. പ്രസ്തുത കോഴ്സിലേക്ക് അസിസ്റ്റന്റ് പ്രഫസർ ഇൻ ജീനോമിക്സ്, അസിസ്റ്റന്റ് പ്രഫസർ ഇൻ ഇൻഫോമാറ്റിക്സ് എന്നീ തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് നോട്ടിഫിക്കേഷൻ നമ്പർ Ad.D1/6721/Marine Biology/Contract 12.06.2024 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നെങ്കിലും യോഗ്യരായ അദ്ധ്യാപകരെ ലഭിക്കാതിരുന്നതിനാൽ തസ്തികകൾ പുനർവിജ്ഞാപനം ചെയ്തിരുന്നു. ഈ തസ്തികകളിലേക്ക് ഇതുവരെ നിയമനം നടത്തിയിട്ടില്ല. നിയമന നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.<br><br>സംസ്കൃത സർവകലാശാലയിൽ പി.ജി. പ്രോഗ്രാമായ "Multidisciplinary Masters in Disaster Management" എന്ന പ്രൊജക്റ്റ് മോഡ് കോഴ്സ് ആരംഭിക്കുന്നതിനായി 5 വർഷത്തെ കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ ഒരു അസിസ്റ്റന്റ് പ്രൊഫെസ്സറെ നിയമിച്ചിട്ടുണ്ട്. ടിയാന് നിലവിലെ അസിസ്റ്റന്റ് പ്രൊഫസർക്കു നൽകുന്ന അടിസ്ഥാന ശമ്പളവും (57700 രൂപ) ഡി.എ. -യും മേൽ ഉത്തരവ് പ്രകാരം നൽകുന്നുണ്ട്. "PG Diploma in Sanskrit Computational Lingustics" എന്ന പ്രൊജക്റ്റ് മോഡ് കോഴ്സിലേക്ക് കരാർ അടിസ്ഥാനനത്തിൽ അദ്ധ്യാപകരെ നിയമിച്ചിട്ടില്ല. നിലവിൽ, സംസ്കൃതം ജനറൽ ഡിപ്പാർട്ട്മെന്റിൽ സ്ഥിരം തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന അദ്ധ്യാപികയും ഗസ്റ്റ് ലക്ച്ചററും ചേർന്നാണ് പ്രൊജക്റ്റ് മോഡ് കോഴ്സ് കൈകാര്യം ചെയ്യുന്നത്.<br><br>സുവാൽസിൽ Three Year Executive LLM. പ്രൊജക്റ്റ് മോഡിൽ നടത്തുന്നുണ്ട്. പ്ലാൻ ഫണ്ട് ഇനത്തിൽ ലഭിക്കുന്ന തുക ഇതിനായി വിനിയോഗിക്കുന്നു. |

സെക്ഷൻ ഓഫീസർ